# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4106 — 25.06.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര മേഖലയിലെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കിടാരി പാർക്ക് പദ്ധതിയിലൂടെ ഹൈബ്രിഡ് ഇനത്തിൽപ്പെട്ട എത്ര പശുക്കുട്ടികളെ കർഷകർക്ക് നല്കിയെന്ന് വ്യക്തമാക്കാമോ; | (എ) കിടാരി പാർക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. 2018-19 വർഷത്തെ വാർഷിക പദ്ധതിയിലാണ് കിടാരി പാർക്ക് പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി 77.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ക്ഷീര കർഷകർക്കും കറവമാടുകൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) ക്ഷീരകർഷകർക്കും കറവമാടുകൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി 'ഗോസമൃദ്ധി പ്ലസ്' നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് ഒരു ദിവസം എത്ര മെട്രിക് ടൺ പാൽ സംഭരിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്ത് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം 18.19 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു. |
| (ഡി) ഡയറി സോൺ, ക്ഷീരഗ്രാമ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ഒരു ദിവസം അധികമായി എത്ര മെട്രിക് ടൺ പാൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) 2016-17 വർഷത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം 16.27 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തെ പാൽ സംഭരണം പ്രതിദിനം 18.19 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. |
| (ഇ) ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | സംസ്ഥാനത്ത് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉല്പാദനവും ലക്ഷ്യമാക്കി പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സും സഹകരണ മേഖലയിൽ മിൽമ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. കേരള ഫീഡ്സിന് കോഴിക്കോട് തിരുവങ്ങൂരിലും തൃശ്ശൂർ |

കല്ലേറ്റുംകരയിലും കൊല്ലം കരുനാഗപ്പള്ളിയിലും യഥാക്രമം 300, 650, 300 മെട്രിക് ടൺ പ്രതിദിനം ഉത്പാദനശേഷിയുള്ള ഫാക്ടറികൾ ഉണ്ട്. എല്ലാ ജില്ലകളിലും പഞ്ചായത്തുതോറും ക്ഷീരസഹകരണ സംഘങ്ങൾക്ക് ഡീലർഷിപ്പ് നൽകി കേരള ഫീഡ്സ് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കുന്നുണ്ട്. മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പ് ആസ്ഥാനത്ത് NABL അക്രഡിറ്റേഷനോടുകൂടിയ ഒരു ലാബ് പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**